**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **24-08-2022 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനരഹിത വ്യവസായസ്ഥാപനങ്ങളുടെ ആസ്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തനശോഷണം സംഭവിച്ചതോ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായതോ ആയ വ്യവസായ സ്ഥാപനങ്ങളുടെ ആസ്തികൾ മറ്റ് വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽ (2005-06 കാലയളവിനു മുൻപ്) തന്നെ പ്രവർത്തനം നിർത്തലാക്കി നിലവിൽ കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരളാ ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയാണ്.<br><br>ഈ സ്ഥാപനങ്ങളിലെ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുള്ളതുമാണ്. ഈ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി, കെൽട്രോൺ മുതലായ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ വിലയിരുത്തിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത് ഇവയുടെ ലിക്വിഡേഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർക്കാണ് നിലവിൽ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിരിക്കുന്നത്. |
| (ബി) | ഭൂമി ഉൾപ്പെടെയുള്ള ഇത്തരം നിഷ്ക്രിയ ആസ്തികളുടെ കണക്കെടുപ്പ് നടത്തി ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | (ബി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽ (2005-06 കാലയളവിനു മുൻപ്) തന്നെ പ്രവർത്തനം നിർത്തലാക്കി നിലവിൽ കമ്പനി രജിസ്ട്രാറുടെ |

| | | | |
|---|---|---|---|
| | | | ലിസ്റ്റിൽ പേര് ഉൾപ്പെടുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരളാ ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയാണ്.<br><br>ഈ സ്ഥാപനങ്ങളിലെ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുള്ളതുമാണ്. ഈ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി, കെൽട്രോൺ മുതലായ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ വിലയിരുത്തിയാണ് ഈ നടപടികൾ സ്വീകരിക്കുന്നത് ഇവയുടെ ലിക്വിഡേഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തു ന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർക്കാണ് നിലവിൽ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ